Editorial, The Mathrubhumi, 6-8-2005

FM 8


മാതൃഭൂമി

സത്യം സമത്വം സ്വാതന്ത്ര്യം


ഒരു സൽപ്രവൃത്തിക്ക്
ധാരാളം അവകാശികൾ കാണും

◆ ജൂത പഴമൊഴി ◆

# മന്തുരോഗചികിത്സ: പ്രോത്സാഹനം നൽകണം

**കാ**സർകോട്ടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡെർമറ്റോളജിയിലെ (ഐ.എ.ഡി.) ഒരു സംഘം ഡോക്ടർമാരുടെ ഗവേഷണം മന്തുരോഗികൾക്ക് വലിയ പ്രതീക്ഷയേകുന്നു. മന്തുബാധിച്ച കാലുകൾ രോഗം വരുന്നതിനു മുമ്പുള്ള നിലയിലെത്തിക്കുന്ന ചികിത്സാരീതി വികസിപ്പിച്ചെടുത്തതായി അവർ പറയുന്നു. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നിവയ്ക്കൊപ്പം യോഗയും സമന്വയിപ്പിച്ചുള്ള സമഗ്രചികിത്സാപദ്ധതിയാണ് അവർ ആവിഷ്കരിച്ചത്. ചികിത്സ നടത്തിയ രോഗികളുടെ കാൽവണ്ണം ഏതാണ്ട് 85 ശതമാനം കുറഞ്ഞതായാണ് റിപ്പോർട്ട്. അഞ്ചു ഘട്ടങ്ങളിലുള്ള ചികിത്സയ്ക്ക് 51 രോഗികളെ വിധേയരാക്കി. ഗ്ലോബൽ അലയൻസ് ഫോർ എലിമിനേഷൻ ഓഫ് ലിംഫാറ്റിക് ഫൈലേറിയാസിസ് (ഗേൽഫ്) എന്ന ഗവേഷണസംഘടനയുടെ നിർദേശങ്ങൾക്കനുസൃതമായാണ് ഗവേഷണം നടത്തിയത്. ഐ.സി.എം.ആർ, സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവ അക്കാര്യത്തിൽ സഹകരിച്ചു. 2003 ഒക്ടോബറിൽ തുടങ്ങിയ പരീക്ഷണത്തിന്റെ ഫലം 2005 ഫിബ്രവരിയിൽ ഐ.സി.എം.ആറിനു നല്കി.

മന്തുരോഗികൾ ധാരാളമുള്ള പ്രദേശങ്ങളിലൊന്നാണ് കേരളം. ശസ്ത്രക്രിയയില്ലാതെ കാലുകളുടെ വണ്ണം കുറയ്ക്കാനാവുമെന്നത് അവർക്ക് വലിയ ആശ്വാസമാകും. ചെലവ് കുറഞ്ഞതാണെന്നതാണ് ഈ ചികിത്സാരീതിയുടെ ആകർഷകമായ മറ്റൊരു സവിശേഷത. കേരളത്തിലെ രോഗനിരക്ക് ദേശീയശരാശരിയെ അപേക്ഷിച്ച് കൂടുതലാണ്. നിർമാർജനം ചെയ്തുവെന്ന് കരുതിയ പല രോഗങ്ങളും ഇവിടെ കണ്ടുതുടങ്ങിയിരിക്കുന്നു. ആ നിലയ്ക്ക്, വൈദ്യശാസ്ത്രരംഗത്തുള്ളവർക്ക് വലിയ ചുമതലയാണ് നിറവേറ്റാനുള്ളത്. അതറിഞ്ഞ് പ്രവർത്തിച്ച ഡോക്ടർമാരായ എസ്.ആർ.നരഹരി, പി.ഇ.മഹാദേവൻ, കെ.എസ്. ബോസ്, കെ.എസ്. പ്രസന്ന എന്നിവർ അഭിനന്ദനം അർഹിക്കുന്നു. വിവിധ വൈദ്യശാസ്ത്രശാഖകളുടെ നേട്ടങ്ങളെല്ലാം ആരോഗ്യമേഖലയ്ക്ക് ലഭിക്കണം. വ്യത്യസ്തശാഖകളിൽ പ്രവർത്തിക്കുന്ന ചികിത്സകർ കൂട്ടായി ശ്രമിച്ചാലേ അതു സാധിതമാകൂ. അക്കാര്യത്തിലും ആ ഡോക്ടർമാർ തികച്ചും അനുകരണീയമായ മാതൃക കാണിച്ചിരിക്കുന്നു. സംസ്ഥാനസർക്കാരും വിവിധ സംഘടനകളും അവർക്ക് പ്രോത്സാഹനവും സഹായങ്ങളും നൽകണം.